പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5717

27.10.2011-ൽ മറുപടിയ്ക്ക്

# നെൽകൃഷിപ്പണികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. നെൽകൃഷിപ്പണികൾ നടക്കുന്ന സമയത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് പണികൾ നിർത്തിവെക്കുവാൻ നടപടി സ്വീകരിക്കുമോ ; | എ. | 3-10-2008-ലെ സ.ഉ.(സാധാ) നമ്പർ. 3548/08/ തസ്വഭവ ഖണ്ഡിക 5.3 പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലൂടെ അധിക തൊഴിൽ ലഭ്യമാകുമ്പോൾ അതു നിലവിലുള്ള കാർഷിക പ്രവൃത്തികളെ ബാധിക്കാതെ ക്രമപ്പെടുത്തി നിശ്ചയിക്കേണ്ടത് ഗ്രാമസഭകളാണെന്നും വിശദമായ ചർച്ചകളിലൂടെ ഇക്കാര്യം പരിഗണിച്ച് ഒരു പ്രവർത്തന കലണ്ടർ ഗ്രാമസഭകൾ തയ്യാറാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി. നെൽകൃഷിപ്പണികൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | ബി. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള അനുവദനീയമായ പ്രവൃത്തികളിൽ നെൽകൃഷി പണികൾ ഉൾപ്പെടുന്നില്ല. പ്രസ്തുത പ്രവൃത്തികൾ കൂടി തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.